ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതിന് കോൺഫറൻസ് വിളിച്ചുകൂട്ടണമെന്നു അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ പഞ്ചായത്ത് ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ആ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ഗവൺമെന്റ് ചില കമ്മിറ്റികളും രൂപീകരിച്ചിരുന്നു. കണ്ടിൻജൻസി ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുവാൻ നിയോഗിച്ചിരുന്ന കമ്മിറ്റി അതിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി തീരുമാനങ്ങളെടുത്തുകഴിഞ്ഞു. അത് നവംബർ 10-ാം തീയതി അവസാനയോഗം കൂടി ഗവൺമെന്റിലേക്ക് തീരുമാനങ്ങൾ സമർപ്പിച്ചിരിക്കയാണ്. വളളം കടത്തുകാരുടെ പ്രശ്നങ്ങൾ പഠിക്കുവാൻ ഏൽപ്പിച്ചിരുന്ന കമ്മിറ്റി പ്രവർത്തനം പൂർത്തിയാക്കിക്കഴിഞ്ഞു. ശുപാർശകളെല്ലാം സർക്കാരിലേക്ക് അയച്ചുകൊണ്ടിരിക്കയാണ്. പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിനെപ്പറ്റി കുറെക്കാലമായി ജീവനക്കാർ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് പഠിക്കുവാൻ കമ്മിറ്റി 6-11-1986-ന് യോഗം ചേർന്ന് സുപ്രധാന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ആ കമ്മിറ്റി വീണ്ടും നവംബർ 12-ാം തീയതി യോഗം ചേരുന്നുണ്ട്. അവരുടെ ശുപാർശകളെല്ലാം ഗവൺമെന്റിലേക്ക് അയച്ചുതരുന്നുണ്ട്. ശമ്പള പരിഷ്കരണത്തിൽ അപാകതകളുണ്ടെന്ന് പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമല്ല. അപാകതകൾ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കുവാൻ ശ്രമിക്കുന്നതാണ്. പഞ്ചായത്ത് ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ കാലവിളംബം വരാതിരിക്കുവാൻ ഗവൺമെന്റ് പരമാവധി ശ്രമിക്കുന്നുണ്ട്.

(7) അത്യാസന്ന നിലയിൽ കഴിഞ്ഞിരുന്ന രോഗിയെ നെഴ്സ് ചെകിട്ടത്തടിച്ച സംഭവം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, എന്റെ നിയോജകമണ്ഡലത്തിൽ നന്ദിയോട് പഞ്ചായത്തിൽ പെറ്റച്ചൽ എന്ന സ്ഥലത്ത് ചുപ്പറ പറങ്കിമാവിളത്തോട്ടം വീട്ടിൽ മാധവൻ നായരുടെ മകൻ പതിനൊന്നു വയസ്സായ ബിജുവിനെ കഴിഞ്ഞ 6-ാം തീയതി എസ്. എ. റ്റി. യിൽ അഡ്മിറ്റ് ചെയ്തു. മഞ്ഞപിത്തമായിരുന്നു സുഖക്കേട്. അഡ്മിറ്റ് ചെയ്യുമ്പോഴേതന്നെ ആ കുട്ടി അബോധാവസ്ഥയിലായിരുന്നു. അന്നമ്മ എന്നൊരു നെഴ്സ് ആ കുട്ടിക്ക് ഇൻജക്ഷൻ കൊടുത്തുകൊണ്ടിരിക്കുന്ന അവസരത്തിൽ, ബോധമറ്റു കിടന്ന ആ കുട്ടി ആ നെഴ്സിന്റെ കയ്യിൽ കടിച്ചു. ഉടനെ നെഴ്സ് ദേഷ്യം വന്നു കുട്ടിയുടെ ചെകിട്ടത്ത് ആഞ്ഞടിച്ചു. അപ്പോഴേത്തന്നെ കുട്ടി രക്തം ഛർദ്ദിച്ചു. കുട്ടിയുടെ മൂക്കിൽക്കൂടിയും വായിൽക്കൂടിയും രക്തം വന്നു. അതു കഴിഞ്ഞ് പിന്നെ ദിവസം കുട്ടി മരിച്ചു. എന്നിട്ട് ആ കുട്ടിയെ വീട്ടിലേക്ക് മാറ്റാൻ ആശുപത്രി അധികൃതർ ശ്രമിച്ചു. ആയിരത്തോളം വരുന്ന ജനക്കൂട്ടം അതിന് തയ്യാറായില്ലെന്ന് കണ്ടപ്പോൾ ആ കുട്ടിയെ മോർച്ചറിയിലേക്ക് മാറ്റി. പോസ്റ്റുമോർട്ടം നടന്നപ്പോൾ നാല് വിരലിന്റെ അടയാളം ചെകിട്ടത്തുണ്ടായിരുന്നു. കുട്ടിയെ തല്ലിയതുകൊണ്ടാണ് മരിച്ചതെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഈ ക്രൂരമായ പ്രവൃത്തി ഈ കൊച്ചു കുട്ടിയോട് കാണിച്ചത് സഹിക്കത്തക്കതല്ല, ക്ഷമിക്കത്തക്കതല്ല. അതിനെ സംബന്ധിച്ച് അന്വേഷിക്കണം. അതിനാവശ്യമായ നടപടിയെടുക്കണം. ഈ പിഞ്ചു കുട്ടി പാവപ്പെട്ട ഒരു വീട്ടിലേതാണ്. ആ വീട്ടിൽ ധനസഹായം കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ കുട്ടിയെ ആശുപത്രിയിൽ കൊണ്ടു വരുമ്പോഴേ തന്നെ ഏതാണ്ട് കരളിന്റെ പ്രവർത്തനം നിലച്ചിരിക്കുകയായിരുന്നു. എങ്കിലും അവർ രോഗം മാറ്റാനുള്ള ശ്രമം നടത്തി. അവർ അതിൽ വിജയിച്ചില്ല. അതിനിടയ്ക്ക് കുട്ടിക്ക് എനിമ കൊടുക്കാൻ വേണ്ടി ശ്രമിക്കുന്ന അവസരത്തിൽ കുട്ടി പെട്ടെന്ന് നെഴ്സിന്റെ കയ്യിൽ കടിച്ചു. ആ നെഴ്സ് പറയുന്നത്, അറിയാതെ പെട്ടെന്ന് തട്ടിപ്പോയതാണെന്നാണ്. ഏതായാലും ശരി പിറ്റെ ദിവസം കുട്ടി മരിച്ചു. പോസ്റ്റ്മാർട്ടം റിപ്പോർട്ട് കിട്ടിയിട്ടില്ല. വിദഗ്ദ്ധ ഡോക്ടർമാർ പരിശോധിച്ചതിൽ നിന്നു മരണ കാരണം രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയാണെന്നാണ് പറഞ്ഞിട്ടുള്ളത്. ഏതായാലും വളരെ പെട്ടെന്ന് അറിയാതെയാണെങ്കിൽപോലും ഒരു നെഴ്സിന്റെ കയ്യിൽ നിന്നും ഇങ്ങനെ ഒരു സംഭവം ഉണ്ടാകാൻ പാടില്ലെന്നുള്ളതുകൊണ്ട് അവരെ തല്ക്കാലം സസ്പെൻഡ് ചെയ്തു, പോസ്റ്റ്മാർട്ടം റിപ്പോർട്ട് കിട്ടിയ ശേഷം അന്വേഷണം നടത്തി ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

8. പുറലൂർ പേപ്പർ മില്ലിലെ ലാക്കൗട്ട്

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, ഈ അടുത്ത കാലത്തായി യാതൊരു കാരണവുമില്ലാതെ അടച്ചുപൂട്ടിയ പുനലൂർ പേപ്പർ മില്ല് തുറന്നു പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, ആ മില്ല് ഗവൺമെന്റ്, ഏറ്റെടുക്കണമെന്നും ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. മദ്ധ്യ കേരളത്തിലെ ഏറ്റവും പഴക്കംചെന്ന വളരെ പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനമാണ് പുനലൂർ പേപ്പർ മില്ല്. ഇന്ന് അത് വളരെ ഗുരുതരമായ ഒരു പ്രതിസന്ധിയിലാണ്. രണ്ടായിരത്തോളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഇന്ന് കൊടും പട്ടിണിയിലാണ്. പുനലൂർ പേപ്പർ മില്ലിലെ പുകക്കുഴലിൽക്കൂടി ഒരു ദിവസം പുക ഉയർന്നില്ലെങ്കിൽ അതിന്റെ അർത്ഥം ആ പ്രദേശത്തെ, പുനലൂർ മുനിസിപ്പൽ ഏരിയായിലേയും ആ നിയോജകമണ്ഡലത്തിലാകെ താമസിക്കുന്ന, അവിടെ പണിയെടുക്കുന്ന പാവപ്പെട്ട ആളുകളുടെ കുടിലിലെ അടുപ്പിൽ തീ പുകയുകയില്ലെന്നാണ്. ഈ അടുത്തകാലത്ത് ബോംബെ ഹൈക്കോടതിയിൽ ഒരു കേസുണ്ടായിരുന്നു. ആ കേസിനു ഒരു തീരുമാനമാകുന്നതിനു മുമ്പ് തന്നെ മാനേജുമെന്റും തൊഴിലാളികളുമായി നടത്തിയ ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ മില്ല് തുറന്ന് പ്രവർത്തനം ആരംഭിച്ചു. ഒരു കാരണവുമില്ലാതെയാണ് അടച്ചുപൂട്ടിയത്. അവിടെ തൊഴിൽത്തർക്കമില്ല, ഒരു മെറിറ്റീരിയൽസ് ഇഷ്ടംപോലെ കിട്ടുന്നുണ്ട്. യാതൊരു മുന്നറിയിപ്പും ഇല്ലാതെ ഒരു ദിവസം രാത്രി 12 മണിക്ക് ഡ്യൂട്ടി കഴിഞ്ഞതിനുശേഷം മിൽ മാനേജുമെന്റ് ഒരു നോട്ടീസ് നോട്ടീസ് ബോർഡിൽ ഇടുകയും, കമ്പനി എന്നന്നേക്കുമായി പൂട്ടി മുദ്ര വച്ചിട്ട്. മിൽ മാനേജ്മെന്റ് ഒന്നോടെ സ്ഥലം വിട്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ആ തൊഴിലാളികൾക്ക് യാതൊരു രീതിയിലും രക്ഷ ഇല്ലാത്ത പശ്ചാത്തലത്തിൽ ഗവൺമെന്റ് ഇത് ഏറ്റെടുക്കണം. ഇഷ്ടംപോലെ റോ മെറ്റീരിയൽസ് കൊടുത്തിട്ട് ഒരു മാനേജ്മെന്റിന്റെ ധിക്കാരപരമായ നടപടിമൂലമാണ് ഇത് പൂട്ടിയത്. പേപ്പർ വ്യവസായത്തിന് ആവശ്യമായ ഈറ വനത്തിൽ കിടന്ന് അഴുകുകയാണ്. മാനേജ്മെന്റിന്റെ ധിക്കാരപരമായ ഈ നടപടി അവസാനിപ്പിച്ചുകൊണ്ട് ഈ മില്ല് ഗവൺമെന്റ് ഏറ്റെടുക്കുകയും, ഇത് തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly